# പഞ്ചായത്ത് യുപി സ്കൂൾ വെള്ളാരംകല്ല്

## സമഗ്ര വിദ്യാലയ വികസനരേഖ

## 2025 - 26

### അക്കാദമികം ,ഭൗതികം ,സാമൂഹികം

അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | പഞ്ചായത്ത് യുപി സ്കൂൾ വെള്ളാരംകല്ല് |
| വിലാസം | : | തഴുവംകുന്ന പി.ഒ കല്ലൂർക്കാട് മൂവാറ്റുപുഴ |
| ഫോൺ | : | 0485 2277880 |
| സ്കൂൾ കോഡ് | : | 28219 |
| വിദ്യാഭ്യാസ ഉപജില്ല | : | കല്ലൂർക്കാട് |
| വിദ്യാഭ്യാസ ജില്ല | : | മൂവാറ്റുപുഴ |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി ആർ സി | : | കല്ലൂർക്കാട് |
| ഗ്രാമപഞ്ചായത്ത് | : | കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | : | മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് |
| ജില്ലാ പഞ്ചായത്ത് | : | എറണാകുളം |
| നിയമസഭാ മണ്ഡലം | : | മൂവാറ്റുപുഴ |
| ലോകസഭാ മണ്ഡലം | : | ഇടുക്കി |
| താലൂക്ക് | : | മൂവാറ്റുപുഴ |
| വില്ലേജ് | : | കല്ലൂർക്കാട് |
| ഇമെയിൽ | : | Vellaramkallupups@gmail.com |
| സ്കൂൾ വിക്കി | : | എറണാകുളം> മൂവാറ്റുപുഴ വിദ്യാഭ്യാസജില്ല >പിയുപിഎസ് വെള്ളാരംകല്ല് >28219 |

ആമുഖം

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ വെള്ളാരംകല്ല് ഗ്രാമത്തിലെ ഏക സർക്കാർ വിദ്യാലയമാണ്പഞ്ചായത്ത് യുപി സ്കൂൾ വെള്ളാരംകല്ല്. കേരളത്തിലെ തന്നെ ഏറ്റവും ചെറിയ സബ് ജില്ലളിൽ ഒന്നായ കല്ലൂർക്കാട് സബ് ജില്ലയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പൈനാപ്പിൾ കൃഷിക്കും വിപണനത്തിനും ലോകപ്രശസ്തമായ വാഴക്കുളം ടൗണിനോട് എട്ടു കിലോമീറ്റര് ദൂരത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം പ്രകൃതിരമണീയമായ അന്തരീക്ഷത്തിലാണ് നിലനിൽക്കുന്നത്.

ലക്ഷ്യങ്ങൾ

- ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്ക് ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പദ്ധതികൾ തയ്യാറാക്കി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാം
- എൽ.കെ.ജി മുതൽ ഏഴാം ക്ലാസ് വരെ ഓരോ ക്ലാസിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. അതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു.
- അധ്യാപനവും അധ്യയനവും രസകരവും സർഗാത്മവും ആക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു

വിദ്യാലയത്തിന്റെ ലഘു ചരിത്രം

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ രണ്ട് ഗവൺമെന്റ് യു.പി സ്കൂളിൽ ഒന്നാണ് പി.യു.പി.എസ് വെള്ളാരംകല്ല് . വെള്ളാംകല്ല് ,തഴവംകുന്ന് പോസ്റ്റ് ഓഫീസ് പരിധിയിലുള്ള വെള്ളാരംകല്ല് എന്ന ശാന്തസുന്ദരമായ പ്രദേശത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. . 1955 ൽ യശശ്ശരീരനായ ശ്രീമാൻ വലരിയിൽ കൊച്ചാപ്പ് ചേട്ടൻ(പി.ജെ.ജോസഫ് പടിഞ്ഞാറേമാളിയേക്കൽ) മുൻ കൈയെടുത്ത് സ്ഥാപിച്ച വിദ്യാലയം ലോവർ പ്രൈമറിയായി ആരംഭിച്ച് 1968 ൽ അപ്പർ പ്രൈമറിയായി ഉയർത്തപ്പെട്ട ഈ സരസ്വതീ ക്ഷേത്രം പിന്നിട്ട സംവത്സരങ്ങൾ ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ - സാംസ്കാരിക മേഖലകളിൽ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. നിസ്വാർത്ഥരും , സേവന സന്നദ്ധരുമായിരുന്ന ഒട്ടേറെ പുണ്യാത്മാക്കളുടെ പരിശ്രമത്തിന്റെ പരിണിത ഫലമാണ് നമ്മുടെ വിദ്യാലയം.2010 ൽ സർക്കാർ ഏറ്റെടുത്ത ഈ വിദ്യാലയം ഇന്നാട്ടിലെ സാധാരണക്കാരായ വിദ്യാർത്ഥികളുടെ ഏകാശ്രയമാണ്

നിലവിലുള്ള അവസ്ഥാ വിശകലനം

എ) ഭൗതികം

നിലവിൽ വാഴക്കുളം കല്ലൂർ റോഡിന്റെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന രണ്ട് കെട്ടിടങ്ങളാണ് ഉള്ളത്. താഴെ ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ മൂന്ന് ക്ലാസ് മുറികളും ഓഫീസും സ്റ്റാഫ് മുറിയും പ്രവർത്തിച്ചുവരുന്നു. മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ 6 ക്ലാസ് മുറികളും അടുക്കളയും ടോയ്ലറ്റ് സമുച്ചയവും പ്രവർത്തിച്ചുവരുന്നു. 6 ക്ലാസ് മുറികളിൽ ഒന്ന് നിലവിൽ ലാബായി പ്രവർത്തിച്ചുവരികയാണ്.

പരിമിതികൾ

സ്കൂൾ കെട്ടിടം കാലപ്പഴക്കം ചെന്നതാണ് ലാബ് ലൈബ്രറി ഡൈനിങ് റൂം എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളോ മുറികളോ സ്കൂളിൽ ഇല്ല.മൈതാനത്തിന് ചുറ്റും ചുറ്റും അതിൽ പൂർണ്ണമല്ല കാലപ്പഴക്കം ചെന്ന കവാടമാണ് നിലവിലുള്ളത്. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ് ചെറിയൊരു ഹാളിൽ ആണ് 3 യുപി ക്ലാസ്സുകൾ പ്രവർത്തിച്ചു വരുന്നത്. വിദ്യാലയത്തിന് സ്വന്തമായി വാഹന സൗകര്യമില്ല.

ബി) അക്കാദമികം

തുടർച്ചയായ ആറു വർഷങ്ങളിൽ മാതൃഭൂമി സീഡ് പ്രവർത്തനങ്ങളിൽ എറണാകുളം ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നായി പ്രവർത്തിച്ചുവരികയാണ് വിദ്യാലയം. മികവാർന്ന രീതിയിൽ സീഡ് പ്രവർത്തനങ്ങളും കാർഷിക പ്രവർത്തനങ്ങളും വിദ്യാലയത്തിൽ സംഘടിപ്പിച്ച വരുന്നു. ഇ.എൽ.ഇ.പി പ്രവർത്തനങ്ങളും മികച്ച രീതിയിൽ സ്കൂളിൽ നടന്നു വരുന്നു.

പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ക്ലാസ് ഗ്രന്ഥശാലകൾ വികസിപ്പിക്കേണ്ടതുണ്ട്. കലാകായിക പരിശീലനങ്ങൾ മികച്ച രീതിയിൽ നൽകേണ്ടതുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് പഠന<br>പരിപോഷണം<br>ശാസ്ത്രപോഷണ പരിപാടി<br>വായനാ പരിപോഷണം<br>ലൈബ്രറി ശാക്തീകരണം<br>ലബോറട്ടറി<br>ആധുനികവത്കരിക്കൽ<br>ജൈവ വൈവിധ്യ പാർക്ക്<br>പഠനയാത്രകൾ<br>അദ്ധ്യാപക ശാക്തീകരണ<br>പരിപാടികൾ<br>ക്ലാസ്സ് പി.ടി.എ.<br>സജീവമാക്കൽ<br>എസ്.ആർ.ജി.<br>ശാക്തീകരണം<br>ശാസ്ത്രാഭിരുചി വളർത്തൽ<br>ഗണിതാന്തരീക്ഷമൊരുക്കൽ<br>ടോ മൂല്യനിർണയം,<br>നിരന്തരവിലയിരുത്തൽ<br>ദിനാചരണം | ചുറ്റുമതിൽ, ഗേറ്റ്<br>കളിസ്ഥലം<br>ചിൽഡ്രൻസ്<br>പാർക്ക്<br>ഡിജിറ്റൽ ക്ലാസ്സ്<br>മുറികൾ<br>ഓഫീസ് മുറി<br>സ്റ്റാഫ് മുറി<br>ലൈബ്രറി<br>ലബോറട്ടറി | പിടിഎ ശക്തിപ്പെടുത്തൽ<br>എസ്.എം.സി.കാര്യക്ഷമമാക്കൽ<br>വിദ്യാലയ വികസനസമിതി<br>പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ<br>പ്രവർത്തനം<br>ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ<br>വിദ്യാലയ മികവുകൾ<br>പൊതുസമൂഹവുമായി പങ്കിടൽ<br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന്<br>കൂടി പ്രയോജനപ്പെടുത്തൽ<br>പ്രാദേശിക പി.ടി.എ |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

പ്രവർത്തനം : **The English Language Enrichment Program (ELEP)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള ആശയ വിനിമയ പാടവം മെച്ച പ്പെടുത്തുക.<br>• ഇംഗ്ലീഷ് ഭാഷ ആത്മ വിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.<br>• ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കുക.<br>• വിവിധ സാഹചര്യ ങ്ങളിൽ ഇംഗ്ലീഷ് ഭാഷ സമർത്ഥമായി കൈകാര്യം ചെയ്യുന്ന വരായി കുട്ടികളെ വാർത്തെടുക്കുക | ELEP മൊഡ്യൂൾ അനുസരിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ | ജൂൺ - ഫെബ്രുവരി | കമ്യൂണി ക്കേറ്റി വ് ഇംഗ്ലീ ഷ് അധ്യാ പിക | |

പ്രവർത്തനം : ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്കും ഫലപ്രദമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് അധ്യാപി ക | |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കുക | ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസിനും ഇടവിട്ട് ചുമതല | | | |

പ്രവർത്തനം : ഇംഗ്ലീഷ് ഫെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെയും ആത്മവിശ്വാസത്തോടെയും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള നിലവാരത്തിലേക്ക് എത്തിക്കൽ | മാർച്ച് മാസത്തിൽ ഒരു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ അവതരണങ്ങളും ഇംഗ്ലീഷിൽ | ഒരു ദിവസം | എച്ച്.എം അധ്യാപകർ | |

പ്രവർത്തനം : വേർഡ് ഫോർ ദി ഡേ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക | പരിചിതമല്ലാത്ത ഇംഗ്ലീഷ് പദങ്ങൾ കണ്ടെത്തി പരിചയപ്പെടൽ | ആഴ്ചയിൽ മൂന്ന് ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം : മൈ ഡ്രോപ് ലെറ്റ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ തെറ്റ് കൂടാതെ രചന സൃഷ്ടികൾ നടത്തുന്നതിന് | കുട്ടികളുടെ സൃഷ്ടികൾഉപയോഗപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിഷ്ണറി ഇവ തയ്യാറാ | ആഗസ്റ്റ് ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | ക്കുന്നു | | | |

<u>ഉപമേഖല : മലയാള ഭാഷാ പഠനം</u>

പ്രവർത്തനം : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്, തുടങ്ങിയ വ്യവഹാരങ്ങളിലൂടെ തങ്ങളുടെ അനുഭവങ്ങളുടെ വിവരണം | ജൂൺ- സെപ്റ്റം ബർ | എസ് ആർ ജി | |

പ്രവർത്തനം : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ,എഴുത്തുകാർ,കലാകാരന്മാർ,എന്നിവരുടെ അഭിമുഖങ്ങൾ കാണുകയും,പ്രദേശത്ത് ലഭ്യമായ കലാകാരനും അഭിമുഖം സംഘടിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | എസ് ആർ ജി,പിടിഎ, ബി ആർ സി | |

പ്രവർത്തനം : അർത്ഥപൂർണ്ണമായ വായന ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രം,ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>നവമാധ്യമങ്ങളിലൂടെ കണ്ടെത്തുന്ന വാർത്തകൾ കുട്ടികൾ വായിക്കുന്നു.ക്ലാസ് തലത്തിൽ മികച്ച വായന നടത്തിയ കുട്ടിക്ക് സ്കൂൾ അസംബ്ലിയിൽ വായന. | എല്ലാം ആഴ്ചയിലും | എസ് ആർ ജി | |

<u>ഉപമേഖല :ഗണിതം</u>

പ്രവർത്തനം: ഗണിതലാബ് സജ്ജീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ഗണിത പഠനതാൽപ്പര്യം വളർത്തുക | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | അക്കാദമിക വർഷം | എസ്.ആർ. ജി | |

പ്രവർത്തനം:ഒറിഗാമി ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രായോഗിക പ്രശ്നങ്ങൾ | ഒറിഗാമിയിലൂടെ ഗണിതശേഷിക | വർഷത്തിൽ ഒരിക്കൽ | ഗണിത അധ്യാ | |

| | | | | |
|---|---|---|---|---|
| കൈകാര്യം ചെയ്യാൻ ഗണിതശാസ്ത്രത്തെ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക | ൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മാണം ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം | | പിക | |

പ്രവർത്തനം :ഒപ്പം ഒപ്പത്തിനൊപ്പം വർക്ക് ഷീറ്റുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പു വരുത്തൽ | ഗണിത പഠനത്തിൽ അടിസ്ഥാന ശേഷികൾ നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്കു വേണ്ടി ഐ.സി.ടി. സഹായത്തോടെ അടിസ്ഥാന ക്രിയകൾ, സംഖ്യാബോധം, ലഘു ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.. | അക്കാദമിക വർഷം | ഗണിത അധ്യാപിക | |

<u>ഉപമേഖല: അടിസ്ഥാന ശാസ്ത്രം</u>

പ്രവർത്തനം: ജൈവ വൈവിധ്യ ഉദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്ത് അറിയാൻ അവസരം ഒരുക്കുക | സ്കൂളിൽ സൗകര്യമായ സ്ഥലത്ത് ഔഷധത്തോട്ടം, പച്ചക്കറി തോട്ടം,ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | |

പ്രവർത്തനം : ശാസ്ത്ര മാജിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര അഭിരുചി വളർത്തുക | നിത്യ ജീവിതത്തിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങളുടെ അവതരണം, ശാസ്ത്ര കിറ്റ് നിർമ്മാണം, പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരണം | ജൂൺ-ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | |

പ്രവർത്തനം: ശാസ്ത്ര ലാബ് നവീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠന അന്തരീക്ഷം ഒരുക്കൽ | ശാസ്ത്ര ലാബിലെ വിവിധ ഉപകരണങ്ങൾ രാസ വസ്തുക്കൾ ഇനം തിരിച്ച് ക്രമീകരിക്കൽ | വർഷ ത്തിൽ ഒരിക്കൽ | ശാസ്ത്ര അധ്യാപ കർ സയൻസ് ക്ലബ്ബ് | |

<u>ഉപമേഖല: സാമൂഹ്യശാസ്ത്രം</u>

പ്രവർത്തനം : പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തി ലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള ഒന്നുവീതം സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷ ത്തിൽ ഒരിക്കൽ | എസ്.ആർ. ജി | |

പ്രവർത്തനം : സാമൂഹ്യ ശാസ്ത്രലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷ ത്തിൽ ഒരിക്കൽ | എസ്. ആർ. ജി | |

പ്രവർത്തനം : മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ | പ്രകടനപത്രിക. | 3 | എസ് | |

| | | | | |
|---|---|---|---|---|
| വളർത്തിയെടുക്കൽ | പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർല മെന്റ് സംഘടിപ്പിക്കൽ | സമ്മേളന ങ്ങൾ | ആർ ജി<br><br>എച്ച് എം | |

<u>ഉപമേഖല: ഹിന്ദി</u>

പ്രവർത്തനം : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | പ്രധാന ദിനങ്ങ ളിൽ | ഹിന്ദി അധ്യാ പിക | |

<u>മേഖല : ഭൗതികം</u>

പ്രവർത്തനം:ചുറ്റുമതിൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റമതിൽ | ഒരു വർ ഷം | പിടിഎ എൽ.എ സ്. ജി.ഡി | |

| | | | | |
|---|---|---|---|---|
| | ആകർഷകമാക്കുക | | | |

പ്രവർത്തനം:പുതിയ മന്ദിരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാ ലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | സ്കൂളിൻറെ ഭൗതിക സൗകര്യങ്ങൾ ഉയർത്തുന്ന രീതിയിലുള്ള കെട്ടിട നിർമ്മാണം | 2 വർ ഷം | പിടിഎ എൽ.എ സ്. ജി.ഡി | |

പ്രവർത്തനം :കിഡ്സ് പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. | രണ്ടു വർഷം | പിടിഎ എൽ. എസ്. ജി.ഡി | |

<u>പ്രവർത്തനം: പ്രീപ്രൈമറി & ലാബ് സമുച്ചയം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ, ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ വിധത്തിൽ പ്രീപ്രൈമറി ലാബ് മന്ദിരസമുച്ചയം നിർമ്മിക്കൽ | <u>രണ്ടു വർ ഷം</u> | <u>പിടിഎ എൽ.എ സ്. ജി.ഡി</u> | |

<u>പ്രവർത്തനം : ഡിജിറ്റൽ ക്ലാസ് മുറികൾ</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ, ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ ഡിജിറ്റൽ ക്ലാസ് മുറികൾ ഒരുക്കൽ | രണ്ടു വർഷം | പിടിഎ എൽ.എസ് . ജി.ഡി പൊതുസമൂഹം, പൂർവ്വവിദ്യാർത്ഥികൾ | |

മേഖല : സാമൂഹികം

പ്രവർത്തനം:പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2പ്രാവശ്യം | | |

പ്രവർത്തനം:പൂർവ്വാദ്ധ്യാപക സംഗമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | |

പ്രവർത്തനം:പ്രാദേശിക പി.ടി.എ. യോഗങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|

| | | | | വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | |

പ്രവർത്തനം:അമ്മയ്ക്കൊരു പുസ്തകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി അമ്മമാരോട് കൂട്ടുചേർന്ന് ചേർന്ന് പുസ്തക വായന | അക്കാദമി വർഷം | എസ്.ആർ.ജി | |